## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3602 — 20.06.2019- ൽ മറുപടിയ്ക്ക്

### പ്രിസൺ ആന്റ് കറക്ഷണൽ സർവ്വീസിലെ നോൺ കേഡർ പ്രമോഷൻ

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പ്രിസൺ ആന്റ് കറക്ഷണൽ സർവ്വീസ് വകുപ്പിലെ നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് പ്രമോഷൻ സാധ്യത വിരളമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമൂലം പ്രസ്തുത വകുപ്പിലെ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് അവർക്ക് നോൺ കേഡർ പ്രമോഷൻ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; | (ബി) | 31.05.2019- ലെ സ.ഉ.(കൈ) നം.64/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം ജയിൽ വകുപ്പിലെ നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് വ്യക്തിഗത റാങ്കിംഗ് അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നോൺ കേഡർ പ്രമോഷൻ ലഭിക്കുന്നതുമൂലം അവർക്ക് സാമ്പത്തിക ആനുകൂല്യം ലഭിക്കുമോ ; ഇല്ലെങ്കിൽ അത് പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | ജയിൽ വകുപ്പിലെ താഴെത്തട്ടിലുള്ള നോൺ ഗസറ്റഡ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ഉയർന്ന തസ്തികകളിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാതെ ഒരേ തസ്തികയിൽ തന്നെ ദീർഘകാലം സേവനമനുഷ്ഠിക്കുന്നതിനാൽ ഇവരിൽ ആത്മവീര്യവും ആത്മസംതൃപ്തിയും വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമായാണ് വ്യക്തിഗത റാങ്കിംഗ് നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇപ്രകാരം വ്യക്തിഗത റാങ്കിംഗ് ലഭിക്കുന്നത് തസ്തികയുടെ പേരിലും അതിനനുസൃതമായി യൂണിഫോം ധരിക്കുന്നതിനുള്ള അവകാശത്തിലും മാത്രമായാണ് പരിമിതപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ